പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5161 02.07.2013 -ൽ മറുപടിക്ക്

കെ. എസ്. ആർ. ടി. സി.-യിൽ ജനറൽ പായ്ക്കറ്റ് റേഡിയോ സർവ്വീസ്

ചോദ്യം

ശ്രീ. ആർ. സെൽവരാജ് :
" എം. എ. വാഹീദ് :
" പി. സി. വിഷ്ണുനാഥ് :
" ഐ. സി. ബാലകൃഷ്ണൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ ജനറൽ പായ്ക്കറ്റ് റേഡിയോ സർവ്വീസ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | ജി.പി.എസ്. സംവിധാനത്തിന്റെ അനുബന്ധമായാണ് ജനറൽ പാക്കറ്റ് റോഡിയോ സർവ്വീസ് നടപ്പാക്കാനുദ്ദേശിക്കുന്നത്, നടപടികൾ ത്വരിതഗതിയിലാണ്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കണ്ടക്ടറുടെ കൈവശമുള്ള ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുമായി ബന്ധിപ്പിച്ച് ബസ്സിലെ യാത്രക്കാരുടെ എണ്ണം ലഭ്യമാക്കാനും അതിലൂടെ സീറ്റിന്റെ ലഭ്യത അറിയുവാനും Real time റിസർവേഷൻ നടത്തുവാനും കഴിയും. ബസ്സിനുള്ളിൽ ഘടിപ്പിക്കുവാൻ കഴിയുന്ന ഡിസ്പ്ലേ ബോർഡിലൂടെ ബസ് കടന്നുപോകുന്ന സ്ഥലവും, ബസ് അടുത്ത ബസ് സ്റ്റേഷനിൽ എത്തുന്ന സമയവും കൃത്യമായി യാത്രക്കാരന് അറിയാൻ കഴിയും. ഡിപ്പോയിൽ സ്ഥാപിക്കുന്ന ഡിസ്പ്ലേ ബോർഡിലൂടെ ബസ്സുകളുടെ പോക്കുവരവു സംബന്ധിച്ച യഥാർത്ഥ സമയവിവരം സാറ്റലൈറ്റിന്റെ സഹായത്താൽ ജി.പി.എസിലൂടെ ലഭ്യമാക്കാനും കഴിയും. |
| (സി) | ബസ്സുകളെ നിയന്ത്രിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | ജി.പി.എസ് സംവിധാനം വഴി കേന്ദ്രീകൃതമായി ബസ്സുകളെ നിരീക്ഷിക്കുന്നതിനും പ്രസ്തുത ബസ്സുകളുടെ വേഗത, യാത്രക്കാരുടെ എണ്ണം, സീറ്റുകളുടെ ലഭ്യത |

| | | | |
|---|---|---|---|
| | | | എന്നിവ കൂടാതെ ജീവനക്കാർക്ക് നേരിട്ട് നിർദ്ദേശം നൽകുന്നതിനുള്ള സംവിധാന വും ഉദ്ദേശിക്കുന്നതിലൂടെ കോർപ്പറേഷൻ സർവ്വീസ് നടത്തിപ്പിൽ കാര്യക്ഷമതയും, കൃത്യതയും വരുത്തുവാനും യാത്രക്കാർക്ക് കൂടുതൽ നല്ല സേവനം നൽകുവാനും കഴിയും. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതു മായി സഹകരിക്കുന്നത് ; വിശദാം ശങ്ങൾ എന്തെല്ലാം ? | (ഡി) | ജി.പി.എസ് സംവിധാനം നടപ്പിലാക്കാൻ CDAC-നെയാണ് നോഡൽ എജൻസി യായി നിയമിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ